"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>**സംഗ്രഹം**</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പന്നിവിഴ ഡോ. സി. റ്റി. ഇ. എം സെന്റ് തോമസ് എച്ച് എസ് ലെ ക്ലാർക്ക് ആയ ശ്രീമതി ലാലി തോമസിന് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4547/2026/GEDN തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. ശ്രീമതി ലാലി തോമസിന്റെ 14.07.2025 തീയതിയിലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.08.2025 തീയതിയിലെ ഡിജിഇ/14908/2025-ആർ1 നമ്പർ റിപ്പോർട്ട്.
3. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 19.08.2025 -ലെ DDEPTA/1651/2025-B4 നമ്പർ റിപ്പോർട്ട്
4. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.08.2025 -ലെ ഡിഇഒപിടിഎ/1386/2025/ബി5 നമ്പർ റിപ്പോർട്ട്.

<u>**ഉത്തരവ്**</u>

പന്നിവിഴ ഡോ. സി. റ്റി. ഇ. എം സെന്റ് തോമസ് എച്ച് എസ് ലെ ക്ലാർക്ക് ആയ ശ്രീമതി ലാലി തോമസിന് 01.12.2022 മുതൽ 39300-83000 സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച നൽകണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം (1) പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം 20.08.2025 ൽ നേരിൽ കേട്ടു.

3.പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ശ്രീമതി ലാലി തോമസ് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന അപേക്ഷയിൽ ടിയാൾക്ക് 15 വർഷം പൂർത്തിയാകുന്ന 01.12.2022 മുതൽ 39300-83000 സ്കെയിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കണമെന്നുള്ള ആവശ്യം നിരസിച്ച് നൽകിയിരുന്നു. ശ്രീമതി ലാലി തോമസ് സർക്കാരിൽ നൽകിയിരിക്കുന്ന റിവിഷൻ ഹർജിയിലെ ആവശ്യം മുമ്പും സർക്കാർ പരിഗണനയിൽ വന്നതും 17.05.2023 ലെ എസ്1/148/2023/പൊവിവ നമ്പർ സർക്കാർ കത്ത് അനുസരിച്ച് താഴെ പറയും പ്രകാരം വ്യക്തമാക്കിയിട്ടുള്ളതുമാണ്. എയ്ഡഡ് സ്കൂളിലെ ടെസ്റ്റ് യോഗ്യത നേടിയ ക്ലർക്കുമാർക്ക് സർക്കാർ സ്കൂളിലെ ക്ലർക്കുമാരുടേതിന് സമാനമായ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കണമെങ്കിൽ മേൽ സ്ഥാപനത്തിന് കീഴിൽ ക്ലാർക്ക് തസ്തികയിൽ തുടർ പ്രമോഷൻ തസ്തികകളായ യു ഡി ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നീ തസ്തികൾ ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം അതാത് ശമ്പള പരിഷ്കരണ ഉത്തരവുകളിലെ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലുകളിൽ മാത്രമേ ഒന്നും രണ്ടും

സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ച് നൽകുവാൻ വ്യവസ്ഥയുള്ളൂ. സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരായാലും സമയബന്ധിത ഹയർ ഗ്രേഡ് പ്രമോഷൻ തസ്തികയിലെ ശമ്പള സ്കെയിലിൽ അനുവദിക്കണമെങ്കിൽ ആ സ്ഥാപനത്തിൽ പ്രൊമോഷൻ തസ്തിക നിലവിലുണ്ടായിരിക്കണം. ആകയാൽ സമയബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട നിലവിലെ വ്യവസ്ഥകൾ പ്രകാരം പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ പ്രമോഷൻ തസ്തികയുടെ സ്കെയിലിലും പ്രമോഷൻ തസ്തിക നിലവിലില്ലെങ്കിൽ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലിലും മാത്രമേ ഗ്രേഡ് അനുവദിച്ച് നൽകുവാൻ കഴിയുകയുള്ളൂ. സർക്കാർ ഉദാര സമീപനം സ്വീകരിച്ചാണ് എയ്ഡഡ് സ്കൂളിലെ ക്ലാർക്കുമാർക്ക് ജൂനിയർ സൂപ്രണ്ടിന്റെ സ്കെയിലിൽ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് 2019 ശമ്പള പരിഷ്കരണ ഉത്തരവിൽ (സ.ഉ.(പി)നം.27/2021/ധന തീയതി 10.02.2021) അനുവദിച്ച് ഉത്തരവായിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി ലാലി തോമസ് അപേക്ഷയിൽ ആവശ്യപ്പെടുന്ന പ്രകാരം 15 വർഷം പൂർത്തിയാകുന്ന 01.12.2022 മുതൽ 39300-83000 സ്കെയിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുവാൻ കഴിയില്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എയ്ഡഡ് സ്കൂൾ/പ്രൈവറ്റ് കോളേജിലെ ടെസ്റ്റ് യോഗ്യത നേടിയ ക്ലാർക്കുമാർക്ക് സർക്കാർ സ്കൂളിലെ / കോളേജിലെ ക്ലാർക്കുമാരുടേതിനു സമാനമായ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കണമെങ്കിൽ മേൽ സ്ഥാപനത്തിനു കീഴിൽ ക്ലാർക്ക് തസ്തികയ്ക്ക് തുടർ പ്രൊമോഷൻ തസ്തികകളായ യു ഡി ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്(HG) എന്നീ തസ്തികകൾ ഉണ്ടായിരിക്കണം. അല്ലാത്ത പക്ഷം അതാത് ശമ്പള പരിഷ്കരണ ഉത്തരവുകളിലെ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലുകളിൽ മാത്രമേ 1,2,3,4 സമയ ബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ചു നൽകാൻ വ്യവസ്ഥയുള്ളൂ. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ/പ്രൈവറ്റ് കോളേജിൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യമെന്ന നിലയിലാണ് മൂന്നാമത്തെ സമയ ബന്ധിത ഹയർഗ്രേഡ് ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയുടെ ശമ്പള സ്കെയിലിൽ അനുവദിച്ചു നൽകിയത്. ടി ആനുകൂല്യം 01/07/2019 മുതലുള്ള ശമ്പള പരിഷ്കരണത്തിന് ബാധകമല്ല. മേൽ സാഹചര്യത്തിൽ, 10/02/2021 തീയതിയിലെ സഉ(പി)നം.27/2021/ധന ഉത്തരവിലെ അനക്സർ VI ഖണ്ഡിക 16 ൽ എയ്ഡഡ് സ്കൂളുകളിലെ ക്ലർക്കുമാർക്ക് സമയ ബന്ധിത ഹയർ ഗ്രേഡിന്റെ പൊതു വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1st, 2nd, 3rd, 4th എന്നീ സമയബന്ധിത ഹയർ ഗ്രേഡുകൾ സീനിയർ ക്ളർക്ക്, ഹെഡ് ക്ളർക്ക്, JS, JS(HG) എന്നീ തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ അർഹതയുണ്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പൊതു ചട്ടങ്ങൾ പ്രകാരം പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിലും പ്രൊമോഷൻ തസ്തിക നിലവിലില്ലെങ്കിൽ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലിലും മാത്രമേ ഗ്രേഡ് അനുവദിച്ചു നൽകാൻ കഴിയുകയുള്ളൂ. ആയതിനാൽ ടി സ്കൂളിൽ പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ മേൽ ഉത്തരവിന്റെ അനക്സർ XI പ്രകാരം 39,300-83,000 ശമ്പള സ്കെയിലിലും ഇല്ലായെങ്കിൽ അനക്സർ VI പട്ടിക -I പ്രകാരം 37,400-79,000 ശമ്പള സ്കെയിലിലുമാണ് ശ്രീമതി ലാലി തോമസിന് രണ്ടാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കേണ്ടത്. എയ്ഡഡ് സ്കൂളായ പന്നിവിഴ ഡോ. സി. റ്റി. ഇ. എം സെന്റ് തോമസ് എച്ച് എസ് -ൽ പ്രൊമോഷൻ തസ്തിക

നിലവിലില്ല. ആയതിനാൽ 10/02/2021 തീയതിയിലെ സ.ഉ(പി)നം.27/2021/ധന ഉത്തരവിലെ അനക്സർ VI പട്ടിക -I പ്രകാരം 37,400-79,000 ശമ്പള സ്കെയിലിൽ മാത്രമേ ശ്രീമതി ലാലി തോമസിന് രണ്ടാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് നൽകാൻ കഴിയുകയുള്ളൂ. മേൽ സാഹചര്യത്തിൽ, പന്നിവിഴ ഡോ. സി. റ്റി. ഇ. എം സെന്റ് തോമസ് എച്ച് എസ് ലെ ക്ലാർക്ക് ആയ ശ്രീമതി ലാലി തോമസിന് 01.12.2022 മുതൽ 39300-83000 സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് നൽകണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം ശ്രീമതി ലാലി തോമസ് സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീമതി ലാലി തോമസ്, ക്ലാർക്ക്, ഡോ. സി.റ്റി.ഇ ഇ.എം. സെന്റ് തോമസ് ഹൈസ്കൂൾ, പന്നിവിഴ, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/130/2025-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 07-07-2026 16:50:47
സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.